**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3431

16/12/2015 – ൽ മറുപടി നൽകേണ്ടിയിരുന്നത്.

**കുടുംബശ്രീ മിഷൻ**

**ചോദ്യം**
ശ്രീ.വി.ചെന്താമരാക്ഷൻ

**ഉത്തരം**
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലരവർഷത്തിനുളളിൽ ബജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ) | ലഭിച്ച തുക | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 4500 | 4500 | 7100 |
| 2012-13 | 8417 | 8417 | 6032 |
| 2013-14 | 9000 | 9000 | 8654 |
| 2014-15 | 11549 | 7500 | 8616 |
| 2015-16 (31.10.2015 വരെ) | 12249 | - | 4906 |

മുൻ വർഷങ്ങളിൽ ലഭിച്ചതും തൊട്ടടുത്ത വർഷങ്ങളിൽ പ്രസ്തുത തുക ചെലവഴിച്ചതിനാലും ആണ് ചില വർഷങ്ങളിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) കുടുംബശ്രീ പ്രവർത്തകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഉണ്ട്. കുടുംബശ്രീ പ്രവർത്തകർക്ക് 2013 മുതൽ ഇൻഷുറൻസ് നടപ്പിലാക്കി വരുന്നു.

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.